# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.03.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭൂട്ടാൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്ത് തിരിച്ചെത്തി; സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദം ശക്തമാക്കുമെന്ന് പ്രധാനമന്ത്രി.

   **Prime Minister Narendra Modi returned to Delhi this afternoon after concluding his two-day state visit to Bhutan. PM Said that their talks will add even more vigour to the India-Bhutan friendship**

2. വിദേശകാര്യമന്ത്രി എസ്. ജയശങ്കറിൻറെ സിംഗപ്പൂർ സന്ദർശനത്തിന് തുടക്കമായി.

   **External Affairs Minister Dr S Jaishankar today reached Singapore on a three day visit.**

3. രാജ്യത്ത് 18 നും 19 നും ഇടയിൽ പ്രായമുള്ള ഒരു കോടി 80 ലക്ഷം കന്നിവോട്ടർമാരുണ്ടെPന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **Around one crore 80 lakh first time voters aged between 18 to 19 years will exercise their franchise in the ensuing Lok Sabha polls**

4. കേരളത്തിലെ 6 ജില്ലകളിലെ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ വിലയിരുത്തി; അനധികൃത പണമിടപാട് നിരീക്ഷിക്കാൻ നിർദേശം.

   **Chief Electoral Officer assessed the election preparations in 6 districts of Kerala; Instructions to monitor illegal money transactions.**

5. മോസ്കോ ഭീകരാക്രമണത്തെ അപലപിച്ച് ലോക രാജ്യങ്ങൾ; ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 115 ആയി.

   **World leaders condemn Moscow terrorist attack; The number of people killed in the attack has reached 115.**

6. ഐപിഎൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ പഞ്ചാബ് കിംഗ്സിന് 4 വിക്കറ്റ് ജയം. കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, സൺറൈസേഴ്സ് ഹൈദരാബാദ് പോരാട്ടം തുടങ്ങി.
**Punjab Kings win against Delhi Capitals in IPL cricket. Kolkata Knight Riders vs Sunrisers Hyderabad match started.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## EVE INDIA BHUTAN

രണ്ടു ദിവസത്തെ ഭൂട്ടാൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂ ഡൽഹിയിൽ തിരിച്ചെത്തി. ഭൂട്ടാൻ പ്രധാനമന്ത്രിയോടൊപ്പം ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നാംഗ്യാൽ വാങ്ചുക് വിമാനത്താവളത്തിലെത്തി പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് യാത്രയയപ്പ് നൽകി. ഭൂട്ടാൻ രാജാവിന്റെ സവിശേഷമായ ഈ നടപടിയിലൂടെ താൻ ആദരിക്കപ്പെട്ടതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഭൂട്ടാൻ രാജാവുമായും, പ്രധാനമന്ത്രിയുമായി നടത്തിയ ചർച്ചകൾ ഇരു രാജ്യങ്ങൾക്കുമിടയിലെ സൗഹൃദത്തിന് കൂടുതൽ ഊർജ്ജം പകരുമെന്നും അദ്ദേഹം പറഞ്ഞു. ഓർഡർ ഓഫ് ദി ഡ്രുക് ഗ്യാൽപോ ലഭിച്ചതിലുള്ള കൃതജ്ഞതയും പ്രധാനമന്ത്രി പങ്കുവച്ചു. ഭൂട്ടാൻ ജനതയുടെ ആതിഥ്യമര്യാദയ്ക്ക് നന്ദിപറഞ്ഞ പ്രധാനമന്ത്രി മോദി, ഇന്ത്യ എന്നും ഭൂട്ടാന്റെ വിശ്വസ്ത സുഹൃത്തും പങ്കാളിയുമായിരിക്കുമെന്നും വ്യക്തമാക്കി. ഇന്ത്യയുടെ സഹായത്തോടെ ഭൂട്ടാൻ തലസ്ഥാനമായ തിംഫുവിൽ നിർമ്മിച്ച അത്യാധുനിക അമ്മയും കുഞ്ഞും ആശുപത്രി പ്രധാനമന്ത്രി നരേന്ദ്രമോദിയും ഭൂട്ടാൻ പ്രധാന മന്ത്രി ഷെറിങ് ടോബ്ഗേയും ചേർന്ന് ഉദ്ഘാടനം ചെയ്തു. 150 കിടക്കകളുള്ള ആശുപത്രിയുടെ നിർമ്മാണം രണ്ട് ഘട്ടങ്ങളിലായാണ് പൂർത്തിയായത്.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## JAISHANKAR – SINGAPORE

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ സിംഗപ്പൂരിലെത്തി. നേതാജി സുഭാഷ് ചന്ദ്രബോസിനും ധീരരായ ഇന്ത്യൻ നാഷണൽ ആർമി സൈനികർക്കും ശ്രദ്ധാഞ്ജലി അർപ്പിച്ചുകൊണ്ടാണ് അദ്ദേഹം സിംഗപ്പൂർ സന്ദർശനം ആരംഭിച്ചത്. സന്ദർശനത്തിൻറെ ഭാഗമായി സിംഗപ്പൂരിലെ കോർപ്പറേറ്റ് നേതാക്കളുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ച ഫലപ്രദമായിരുന്നുവെന്നും ഇന്ത്യയുടെ വളർച്ചയെ സംബന്ധിച്ച് അനുകൂലമായ പ്രതികരണമാണ് ലഭിച്ചതെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. സിംഗപ്പൂരിലെ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് സൗത്ത് ഏഷ്യൻ സ്റ്റഡീസിൽ അദ്ദേഹം പ്രഭാഷണം നടത്തി. അരുണാചൽ പ്രദേശിന് മേലുള്ള ചൈനയുടെ അവകാശവാദം യുക്തിരഹിതമാണെന്ന് വിദേശകാര്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## EC YOUNG VOTERS

വരാനിരിക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ രാജ്യത്ത് 18 നും 19 നും ഇടയിൽ പ്രായമുള്ള ഒരു കോടി 80 ലക്ഷം കന്നിവോട്ടർമാരുണ്ടെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇത്തവണ ഏകദേശം 19 കോടി 74 ലക്ഷം വോട്ടർമാർ 20 നും 29 നും ഇടയ്ക്ക് പ്രായമുള്ളവരാണ്. യുവവോട്ടർമാരെ ജനാധിപത്യത്തിന്റെ ഉത്സവത്തിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനായി സമൂഹമാധ്യമങ്ങളിൽ ഐ വോട്ട് ഫോർ SURE മുതലായ ക്യാമ്പയിനുകൾക്കും തിരഞ്ഞെടുപ്പ് കമ്മീഷൻ തുടക്കം കുറിച്ചിട്ടുണ്ട്. ചെറുപ്പക്കാരെ സ്വാധീനിക്കുന്നതിനായി സച്ചിൻ ടെൻഡുൽക്കർ, രാജ്കുമാർ റാവു തുടങ്ങിയ ദേശീയ പ്രതിഭകളുമായും തിരഞ്ഞെടുപ്പ് കമ്മീഷൻ സഹകരിക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

**VOTERS LIST - KERALA**

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. വോട്ടർപട്ടികയിൽ പേര് ചേർത്തിട്ടില്ലാത്തവർക്ക് തിങ്കളാഴ്ച വരെ പേര് ചേർക്കാം. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതിയുടെ പത്തുദിവസം മുമ്പുവരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരം ലഭിക്കുക. 18 വയസ് തികഞ്ഞ ഏതൊരു ഇന്ത്യൻ പൗരനും തിരഞ്ഞെടുപ്പ് കമ്മിഷൻറെ പോർട്ടൽ വഴിയോ, വോട്ടർ ഹെൽപ് ലൈൻ ആപ് ഉപയോഗിച്ചോ, ബൂത്ത് ലെവൽ ഓഫീസർമാർ വഴിയോ വോട്ടർ പട്ടികയിൽ പേര് ചേർക്കാം.

&&&&&&&&&&&&&&&&&&

**HEAD LINE – 4**

**ELEC REVIEW MEETING- KERALA - (INTRO)**

ലോക്സഭ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് കേരളത്തിൽ അനധികൃത പണമിടപാട് കർശനമായി നിരീക്ഷിക്കാനും നടപടികൾ സ്വീകരിക്കാനും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ ജില്ലാ വരണാധികാരികൾക്ക് നിർദേശം നൽകി. എറണാകുളം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ആറു ജില്ലകളിലെ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി എറണാകുളത്ത് ചേർന്ന യോഗത്തിലാണ് നിർദ്ദേശം.

**വിശദാംശങ്ങളിലേക്ക്......... (വോയ്സ്)**

**ELEC REVIEW MEETING- KERALA (VOICE)**

ലോക്സഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എല്ലാ ബാങ്കുകളിലെയും സംശയകരമായ ഇടപാടുകൾ ഉൾപ്പെടെ നിരീക്ഷിക്കും. ഇതിനായി ആദായ നികുതി വകുപ്പ് കൺട്രോൾ റൂം സജ്ജമാക്കിയിട്ടുണ്ട്. കേരളത്തിൻറെ അയൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിലും ജില്ലാതിർത്തികളിലും കർശന പരിശോധന നടത്തും. ചെക്ക് പോസ്റ്റുകളിൽ സിസിടിവി നിരീക്ഷണം കൂടുതൽ ശക്തമാക്കും. വിവിധ എൻഫോഴ്സ്മെൻ്റ് ഏജൻസികളുടെ സംസ്ഥാന നോഡൽ ഓഫീസർമാർ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു സ്വീകരിക്കുന്ന നടപടികൾ യോഗത്തിൽ

വിശദീകരിച്ചു. പരാതിരഹിതമായി തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ നിർദ്ദേശിച്ചു. വോട്ടെടുപ്പിൽ മുതിർന്ന പൗരമാർക്ക് പ്രധാന പരിഗണന നൽകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. കുട്ടികളെ ഒരു കാരണവശാലും തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഉപയോഗിക്കരുത്. ചാനലുകളുടെ നേതൃത്വത്തിൽ പൊതുസ്ഥലങ്ങളിൽ നടത്തുന്ന തിരഞ്ഞെടുപ്പ് സംവാദ പരിപാടികൾക്ക് നിർബന്ധമായും മുൻകൂർ അനുമതി വാങ്ങണം. ജില്ലകളിലെ സുരക്ഷാ ക്രമീകരണങ്ങൾ, ജില്ലാ തിരഞ്ഞെടുപ്പ് മാനേജ്മെൻ്റ് പ്ലാനുകൾ, ലോജിസ്റ്റിക്കൽ ആവശ്യകതകൾ, റിട്ടേണിംഗ് ഓഫീസർ, അസിസ്റ്റൻ്റ് റിട്ടേണിംഗ് ഓഫീസർ എന്നിവരുടെ എണ്ണം, ഇലക്ഷൻ ഫോട്ടോ ഐഡൻ്റിറ്റി കാർഡ് വിതരണം, ഇവിഎം, വിവിപാറ്റ് ക്രമീകരണം, സ്വീപ് പ്രവർത്തനങ്ങൾ, തിരഞ്ഞെടുപ്പ് ചിലവ് വിവരങ്ങൾ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ചും യോഗത്തിൽ ചർച്ച നടന്നു.

**ന്യൂസ് ഡെസ്ക് ആകാശവാണി......**

&&&&&&&&&&&&&&&&&&&

## MEA GERMANY

ന്യൂ ഡൽഹിയിലെ ജർമൻ മിഷൻ ഡെപ്യൂട്ടി ചീഫിനെ വിളിച്ചു വരുത്തി ശക്തമായ പ്രതിഷേധം അറിയിച്ച് ഇന്ത്യ. ഇന്ത്യയുടെ ആഭ്യന്തര വിഷയങ്ങളെക്കുറിച്ചുള്ള ജർമ്മൻ വിദേശകാര്യ വക്താവിന്റെ അഭിപ്രായ പ്രകടനങ്ങൾക്ക് പിന്നാലെയാണ് ഇന്ത്യയുടെ പ്രതിഷേധം. നിയമവാഴ്ചയിൽ ഊന്നിക്കൊണ്ടുള്ള, ഊർജസ്വലവും ശക്തവുമായ ജനാധിപത്യമാണ് ഇന്ത്യയിൽ നിലനിൽക്കുന്നതെന്ന് വിദേശകാര്യ മന്ത്രാലയം പറഞ്ഞു. ഇത്തരം പരാമർശങ്ങൾ ഇന്ത്യൻ നീതിന്യായവ്യവസ്ഥയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതായും, നീതിന്യായ പ്രക്രിയയിൽ കൈകടത്തുന്നതായുമായാണ് ഇന്ത്യ കാണുന്നത്. ജനാധിപത്യ ലോകത്ത് എല്ലായിടത്തുമുള്ളതുപോലെ നിയമം നിയമത്തിന്റെ വഴിക്ക് നടക്കുമെന്നും, ആഭ്യന്തര കാര്യങ്ങളിലുള്ള പക്ഷപാത പൂർണ്ണമായ ഇത്തരം അനുമാനങ്ങൾ അനാവശ്യമാണെന്നും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

**HEAD LINE – 5**

**RUSSIA ATTACK**

റഷ്യൻ തലസ്ഥാനമായ മോസ്കോയിലുണ്ടായ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 115 ആയി. നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്. മരണസംഖ്യ ഇനിയും ഉയരാൻ സാധ്യതയുണ്ട്. മോസ്കോയ്ക്ക് സമീപമുള്ള ക്രൊക്കസ് സിറ്റി ഹാളിൽ സംഗീത നിശ തുടങ്ങാനിരിക്കെയായിരുന്നു ആയുധധാരികൾ വെടിയുതിർത്തത്. തുടർന്ന് സംഭവസ്ഥലത്ത് വൻതീപിടിത്തമുണ്ടായി. ഭീകര സംഘടനയായ ഇസ്ലാമിക് സ്റ്റേറ്റ് ഖൊറസാൻ ആക്രമണത്തിൻറെ ഉത്തരവാദിത്തം ഏറ്റെടുത്തു. അക്രമകാരികളെന്ന് സംശയിക്കുന്ന നാലുപേർ ഉൾപ്പെടെ 11 പേർ ഇതുവരെ പിടിയിലായതായി ക്രെംലിൻ അറിയിച്ചു. മോസ്കോയിൽ നടന്ന ഭീകരാക്രമണത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ശക്തമായി അപലപിച്ചു. ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗ്യുട്ടെറസ് നടുക്കം രേഖപ്പെടുത്തി. അമേരിക്ക, യൂറോപ്യൻ യൂണിയൻ, യു.കെ, ഫ്രാൻസ്, സ്പെയിൻ, യു.എ.ഇ, ഇറ്റലി എന്നീ രാജ്യങ്ങളും സംഭവത്തെ അപലപിച്ചു. എന്നാൽ ആക്രമണത്തിൽ പങ്കില്ലെന്ന് യുക്രെൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**RUSSIA EMBASSY – DELHI**

മോസ്കോയിലുണ്ടായ തീവ്രവാദി ആക്രമണത്തിന് ഇരയായവരുടെ ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ട് ദേശീയ പതാക പകുതി താഴ്ത്തി ന്യൂ ഡൽഹിയിലെ റഷ്യൻ സ്ഥാനപതി കാര്യാലയം. ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് റഷ്യൻ സ്ഥാനപതി കാര്യാലയം സമൂഹമാധ്യമത്തിലൂടെ അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

**REV. KEJRIWAL**

മദ്യനയകേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ ഈ മാസം 28 വരെ ഇ.ഡി കസ്റ്റഡിയിൽ വിട്ടു. പ്രത്യേക

സി.ബി.ഐ കോടതി ജഡ്ജി കാവേരി ബവേജയാണ് കസ്റ്റഡി അനുവദിച്ചത്. കെജ്‌രിവാളിനെ 10 ദിവസത്തെ കസ്റ്റഡിയിൽ ആവശ്യപ്പെട്ട ഇ.ഡി, മദ്യനയ അഴിമതിയുടെ പിന്നിൽ കെജ്‌രിവാളാണെന്ന് കോടതിയെ അറിയിച്ചു. ഇപ്പോൾ പിൻവലിച്ച മദ്യനയം രൂപീകരിക്കുന്നതിൽ കെജ്‌രിവാളിന് നേരിട്ട് പങ്കുണ്ടെന്നും ഇ.ഡി അറിയിച്ചു.

&&&&&&&&&&&&&&&&&&

**CBI COORDINATES RETURN TO INDIA OF TWO A RED NOTICE**

കേരളത്തിൽ നിന്ന് യു ഇ യിലേക്കും, മുംബൈയിൽ നിന്നും ചൈനയിലേക്കും കടന്ന രണ്ടു കുറ്റവാളികളെ ഇന്റർപോളിന്റെ സഹായത്തോടെ ഇന്ത്യയിൽ തിരികെയെത്തിച്ച് സിബിഐ. ഇവർക്കെതിരെ ഇൻറർ പോൾ റെഡ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. അബുദാബിയിലെ ഇന്റർപോൾ നാഷണൽ സെൻട്രൽ ബ്യൂറോ, ഇന്ത്യൻ എംബസി, വിദേശകാര്യ മന്ത്രാലയം എന്നിവയുടെ സംയുക്ത ശ്രമഫലമായാണ് പീരു മുഹമ്മദ് യഹ്യാ ഖാൻ എന്നയാളെ കേരളാപോലീസ് തിരികെ കൊണ്ടുവന്നത്. പാലാ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ബലാത്സംഗക്കേസിലെ പ്രതിയാണിയാൾ. വിവിധകേസുകളിൽ പ്രതിയായി ചൈനയിലേക്ക് കടന്ന സുബാഷ് വിത്തൽ പൂജാരിയെ മുംബൈ പോലീസിന്റെ നേതൃത്വത്തിലാണ് തിരികെയെത്തിച്ചത്.

&&&&&&&&&&&&&&&&&&

**WORLD METEOROLOGICAL DAY 2024**

ഇന്ന് ലോക കാലാവസ്ഥാ ദിനം. ലോക കാലാവസ്ഥാ സംഘടനയുടെ നേതൃത്വത്തിലാണ് ദിനം ആചരിക്കുന്നത്. "കാലാവസ്ഥാ പ്രവർത്തനത്തിൻറെ മുൻനിരയിൽ" എന്നതാണ് ഈ വർഷത്തെ പ്രമേയം. മനുഷ്യനും ഭൂമിയും തമ്മിൽ ആഴത്തിലുണ്ടാകേണ്ട പരസ്പര ബന്ധം അടിവരയിട്ട് ഓർമപ്പെടുത്തുന്ന ദിവസം കൂടിയാണിന്ന്. പ്രകൃതിയെ വിലമതിക്കാനും സംരക്ഷിക്കാനും നാമടക്കമുള്ള ജീവജാലങ്ങളുടെ നിലനിൽപ്പിനു വേണ്ടി ശക്തമായ പ്രതിരോധം തീർക്കണമെന്നും

ഓരോ കാലാവസ്ഥാ ദിനവും നമ്മെ ഓർമ്മപ്പെടുത്തികൊണ്ടിരിക്കുന്നു.

&&&&&&&&&&&&&&&&&&

**EARTH HOUR**

ഭൂമിയെ ആഗോളതാപനത്തിൽ നിന്നും കാലാവസ്ഥാ വ്യതിയാനത്തിൽ നിന്നും രക്ഷിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഭൗമ മണിക്കൂർ ആചരണം ഇന്ന്. രാത്രി 8.30 മുതൽ 9.30 വരെയുള്ള ഒരു മണിക്കൂർ അനിവാര്യമല്ലാത്ത എല്ലാ വൈദ്യുത വിളക്കുകളും ഉപകരണങ്ങളും ഓഫ് ചെയ്താണ് ഭൗമ മണിക്കൂറിൽ പങ്കാളികളാകേണ്ടത്. ഭൂമിയെ സംരക്ഷിക്കുക എന്ന സന്ദേശവുമായി വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ ആണ് ഈ സംരംഭത്തിന് തുടക്കം കുറിച്ചത്.

&&&&&&&&&&&&&&&&&&

**VIZHINJAM- CASUALTY**

തിരുവനന്തപുരം വിഴിഞ്ഞത്ത് ലോറിയിൽ നിന്നും കരിങ്കല്ല് തെറിച്ച് വീണ് മരിച്ച അനന്തുവിന്റെ കുടുംബത്തിന് 1 കോടി രൂപ ധനസഹായം നൽകുമെന്ന് അദാനി ഗ്രൂപ്പ്. അനന്തുവിൻറെ വീട്ടിൽ എത്തിയാണ് അദാനി ഗ്രൂപ്പ് ധനസഹായത്തിന് സന്നദ്ധത അറിയിച്ചത്. ടിപ്പർ അപകടത്തിൽ പരിക്കേറ്റ് കാൽ നഷ്ടമായ സന്ധ്യാ റാണിക്കും ധനസഹായം നൽകുമെന്ന് കമ്പനി അറിയിച്ചു.

&&&&&&&&&&&&&&&&&&

**HEAD LINE – 6**

**CRICKET**

ഐ പി എൽ ക്രിക്കറ്റിലെ ഇന്നത്തെ ആദ്യ മത്സരത്തിൽ ഡൽഹി ക്യാപ്പിറ്റൽസിനെതിരെ പഞ്ചാബ് കിങ്സിന് .......... വിക്കറ്റ് ജയം. 175 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ പഞ്ചാബ് കിങ്സ് 19.2 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു.

ഇന്നത്തെ രണ്ടാം മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടുകയാണ്. കൊൽക്കത്തയിൽ നടക്കുന്ന

മത്സരത്തിൽ ടോസ് നേടിയ ഹൈദരാബാദ്, കൊൽക്കത്തയെ ബാറ്റിംഗിനയച്ചു.

&&&&&&&&&&&&&&&&&&

## SAKAMOTO- FIGURE SKATING WORLD TITLE

ഫിഗർ സ്കേറ്റിംഗ് ലോക ചാമ്പ്യൻഷിപ്പിൽ 1968-ന് ശേഷം തുടർച്ചയായി മൂന്ന് കിരീടങ്ങൾ നേടുന്ന ആദ്യ വനിതയായി മാറി ജപ്പാൻ്റെ കയോറി സകാമോട്ടോ. 2022 ഒളിമ്പിക്സിൽ സകാമോട്ടോ വെങ്കല മെഡൽ നേടിയിരുന്നു. അമേരിക്കയുടെ ഇസബ്യൂ ലെവിറ്റോ വെള്ളിയും ദക്ഷിണ കൊറിയയുടെ കിം ചെയ് യോൺ വെങ്കലവും നേടി.

&&&&&&&&&&&&&&&&&&

## WEATHER KERALA

കേരളത്തിൽ കടുത്ത ചൂട് തുടരുന്നു. ഈ മാസം 27 വരെ കൊല്ലം, പാലക്കാട് ജില്ലകളിൽ 39°C വരെയും, കോട്ടയം, തൃശൂർ ജില്ലകളിൽ 38°C വരെയും, ആലപ്പുഴ,പത്തനംതിട്ട, എറണാകുളം ജില്ലകളിൽ 37°C വരെയും, തിരുവനന്തപുരം,കോഴിക്കോട് ജില്ലകളിൽ 36°C വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&